LIBRARY ARCHIVES Kerala Legislative Assembly

(ബി) ൩൨ ബസ്സുകൾ ഉണ്ടായിരുന്നതായി അറിയാം. പക്ഷെ ഓരോബസ്സും ഒരു ട്രിപ്പ് മാത്രമേ ഓടിയിരുന്നുള്ളു.

(സി) ഉണ്ട്.

OPENING TRAM LINES IN CITIES

***2310. [122] Sri. M. I. Paul:** Will the Hon'ble Minister for Works and Communcation be pleased to State.—

(*a*) whether the Government realise the immediate necsssity to open tram lines at least in the Cities of Travandrum, Alleppey, Ernakulam and Trichur:

(*b*) if so when this work will be taken up?

The Hon'ble Sri. E. John Philipose:

(*a*) No.

(*b*) Does not arise.

ലാസ്ഡിലെസ്സ് പരിഹാരം

*൨൩൧൧. (൧൭൨) **ശ്രീ. പി. കുഞ്ഞുകൃഷ്ണൻ:** താഴെ പറയുന്ന ചോദ്യത്തിനു ബഹു. പ്രധാനമന്ത്രി സദയം മറുപടിപറയുമോ.—

ഐക്യസംസ്ഥാനത്തു് ലാസ്ഡിലേസ് പരിഹരിക്കുന്നതിലേക്കു് അമേരിക്കയെ അനുകരിച്ചു് മദ്രാസിൽ ചിലയിടങ്ങളിൽ ഈയിടെ നടപ്പാക്കിയിട്ടുള്ള പദ്ധതി ഇവിടേയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

അരൂർ കടത്തിലെ അഴിമതികൾ

*൨൩൧൨. (൧൭൭) **ശ്രീ. എ. എൽ. ജേക്കബ്ബ്:** താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) 'അരൂർ കടത്തിലെ അഴിമതികൾ' എന്ന തലക്കെട്ടിൽ ൧൯൪൯ ഒക്ടോബർ ൨൬-ാംനു 'പൌരനീതി' എന്ന എറണാകുളം പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനം ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കട്ടിംഗ് ആരെങ്കിലും ബഹു. മന്ത്രിക്കു അയച്ചുതന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

(ഡി) ആ ലേഖനം മേശപ്പുറത്തു വെക്കാമോ;

(ഇ) അതിലെ കടക്കുന്നതിനു വാഹനങ്ങൾക്കും ആളുകൾക്കും ഗവമ്മെണ്ടു നിശ്ചയിച്ചിട്ടുള്ള കടത്തുകൂലിനിരക്കിനു പുറമെ വാഹനം ഒന്നിനു ചങ്ങാടക്കാർ ഒരു രൂപാവരെ ഈടാക്കിവരുന്ന നടപടി ഇപ്പോഴും തുടരുന്നുണ്ടോ;

(എഫ്) ആളൊന്നിനു കടത്തുകൂലി അരയണയാണ് നിരക്കെങ്കിലും സാധാരണമായി ഒരണ ഈടാക്കിവരുന്നതും ഇപ്പോൾ തുടരുന്നുണ്ടോ;

(ജി) വാഹനങ്ങൾ കടത്തുന്നതിനു ഇട്ടിരിക്കുന്ന ചങ്ങാടങ്ങളും ചിലപ്പോൾ ആളുകളെ കൂട്ടമായി കയററിയിറക്കുന്നതിനു ഉപയോഗിക്കുകയും അതിനു കൂടുതൽ ചാർജ്ജ് ഈടാക്കുകയും ചെയ്തുവരുന്നില്ലേ;

(എച്ച്) ഇതുകാരണം വാഹനക്കാർ പലപ്പോഴും കടത്തുകടവുകളിൽ കെട്ടികിടക്കേണ്ടി വരുന്നില്ലേ;

(ഐ) മേൽപറഞ്ഞ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന സംഗതികളെപ്പററി ഗവമ്മെണ്ടു് ഒരു നടപടിയും ഇതുവരെ നടത്തിയിട്ടില്ലെങ്കിൽ, സമർത്ഥനും സത്യസന്ധനുമായ ഒരുദ്യോഗസ്ഥൻ മുഖേന ഉടനടി അന്വേഷണം നടത്തുമോ;

(ജെ) ലേഖനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ, കടത്തുകാരെക്കൊണ്ടുള്ള അഴിമതികൾ നിർത്തുവാൻ ഇരുകരകളിലും പോലീസ് പാറാവ് ഏർപ്പെടുത്തുകയോ, അല്ലെങ്കിൽ കടത്തുതന്നെ ഗവമ്മെണ്ടു ഏറെറടുത്തു നടത്തുകയോ ചെയ്യുമോ;

(കെ) ഇതുപോലെ തന്നെ വൈക്കം-എറണാകുളം ലൈനിലുള്ള കടത്തുകളിലും ചൊവ്വര, മംഗലപ്പുഴ കടത്തുകളിലും കടത്തുകാർ വാഹനക്കാരിൽനിന്നും മററും ഗവമ്മെണ്ടു നിരക്കിലും പുറമെ ഗണ്യമായ സംഖ്യവീതം ഈടാക്കി വരുന്നതായി അറിയാമൊ;

(എൽ) ഈ അഴിമതികൾക്കു ശാശ്വതമായ ഒരു പരിഹാരമുണ്ടാക്കുമാറു് എന്തെങ്കിലും നടപടി നടത്തുമൊ?